പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3064

21-06-2013 -- ൽ മറുപടിയ്ക്ക്

## കർഷകർക്ക് പലിശ സബ്സിഡി ആനുകൂല്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എ.റ്റി.ജോർജ്ജ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷകർക്ക് പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി 2013-14 ൽ നെൽ കർഷകരെ സഹായിക്കുന്നതിന് 150 ലക്ഷം രൂപയുടെ പലിശരഹിത വായ്പ പലിശ സബ്സിഡി നൽകുന്നതിന് വകയിരുത്തിയിട്ടുണ്ട്. സഹകരണ വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി "ഉത്തേജന പലിശ ഇളവ് പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി ഒരു ഹെക്ടറോ അതിൽ താഴയോ ഭൂമിയുള്ള ചെറുകിട കർഷകർക്ക് വിതരണം ചെയ്യുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3 ശതമാനം പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാറിന്റെ പരമാവധി 5 ശതമാനം സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതാണ്. വാണിജ്യ ബാങ്കുകളിൽ നിന്നോ സ്വകാര്യ ബാങ്കുകളിൽ നിന്നോ എടുക്കുന്ന മറ്റതരം ഹ്രസ്വകാല കാർഷിക വായ്പകളും പരമാവധി 4 ശതമാനം പലിശയ്ക്ക് കേന്ദ്ര സഹായത്തോടെ കർഷകർക്ക് ലഭ്യമാക്കുന്നു. കാർഷിക വായ്പകൾ പൂർണ്ണമായും കർഷകർക്ക് |

| | | | |
|---|---|---|---|
| | | | സൗജന്യമായോ അല്ലെങ്കിൽ കുറഞ്ഞ നിരക്കിലോ നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാൻ കർഷകർക്ക് ഉത്തേജനം നൽകുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ സംസ്ഥാന സർക്കാരുമായും നബാർഡുമായും ചേർന്നും വാണിജ്യ ബാങ്കുകൾ, റിസർവ്വ് ബാങ്ക്, കേന്ദ്ര ധനകാര്യ വകുപ്പ് എന്നിവയുമായി ചേർന്നും പദ്ധതി നടപ്പിലാക്കുന്നു. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ബാങ്ക് ശാഖകൾ വഴി പദ്ധതിയെപ്പറ്റിയുള്ള അവബോധം കർഷകരിൽ ഉണ്ടാക്കിയിട്ടുണ്ട്. പലിശ സബ്സിഡി ക്ലെയിം സർക്കാരിന് നൽകി പലിശ സബ്സിഡി ആനുകൂല്യം കർഷകന് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ